12300
2/6/17

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നത്- ശ്രീ.ഇ.ശ്രീധരൻ നായർ, ജൂനിയർ സൂപ്രണ്ട്(റിട്ട)നെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ)നം.202/2017/വനം തീയതി, തിരുവനന്തപുരം,27.05.2017

പരാമർശം: -
1) 10.09.2013 ലെ അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ എബിപി1-1557/13 നമ്പർ ഉത്തരവ്
2) 24.02.2014 ലെ എബിപി1-1557/13 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
3) 05.03.2014 തീയതിയായി ശ്രീ.ഇ.ശ്രീധരൻ നായർ സമർപ്പിച്ച പ്രതിവാദ പത്രിക
4) 28.04.2014 ലെ അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് ഫോറസ്റ്റ് കൺസർവേറ്ററുടെ എബിപി1-1557/13 നമ്പർ ഉത്തരവ്
5) 09.07.2014 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഡി&പി)റുടെ ബി6-51399/13 നമ്പർ ഉത്തരവ്
6) 06.04.2015 ലെ ഡബ്ല്യൂ എൽ 2-32199/14 നമ്പർ അന്വേഷണ റിപ്പോർട്ട്
7) 28.04.2015 ലെ ബി6-51399/14 നമ്പർ കാരണം കാണിക്കൽ നോട്ടീസ്
8) 14.07.2015 തീയതിയായി ശ്രീ.ഇ.ശ്രീധരൻ നായർ സമർപ്പിച്ച വിശദീകരണം
9) 25.08.2015 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റു (ഭരണം)ടെ ബി6-51399/13 നമ്പർ കത്ത്
10) 04.12.2015 ലെ 11360/എ 1/2015/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്

11) 28.02.2016 തീയതിയായി ശ്രീ.ഇ.ശ്രീധരൻ നായർ സമർപ്പിച്ച വിശദീകരണം

12) 20.04.2016 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം)റുടെ ബി6-51399/13 നമ്പർ കത്ത്

13) 18.07.2016 ലെ 11360/എ1/2015/വനം നമ്പർ സർക്കാർ കത്ത്

14) 28.03.2017 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ A1(3)5885/16/GW നമ്പർ കത്ത്

<u>ഉത്തരവ്</u>

വനം വകുപ്പാസ്ഥാനത്ത് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്) ഓഫീസിൽ ജൂനിയർ സൂപ്രണ്ടായി ജോലി നോക്കി വരവെ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും സർക്കാർ ജോലികളിൽ ഗുരുതരമായ വീഴ്ച വരുത്തുകയും ക്യാഷ് ചെസ്റ്റിന്റെ താക്കോൽ സ്വന്തം ഉത്തരവാദിത്വത്തിൽ സൂക്ഷിക്കാതെ ജൂനിയർ സൂപ്രണ്ടിന്റെ ക്യാബിനിൽ അലക്ഷ്യമായി ഉപേക്ഷിക്കുകയും ഓഫീസ് ദൈനംദിന ആവശ്യങ്ങൾക്കുള്ള ക്യാഷ്ചെസ്റ്റ് തുകയിൽ 2,554/- രൂപയുടെ കുറവ് കാണപ്പെട്ടുകയും, മദ്യപിച്ച് ഓഫീസിൽ എത്തുകയും തന്മൂലം സഹപ്രവർത്തകർക്ക് അവരിൽ നിക്ഷിപ്തമായിരിക്കുന്ന സർക്കാർ ജോലികൾ നിർവ്വഹിക്കാൻ ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്തതിന് ശ്രീ.ഇ.ശ്രീധരൻ നായരെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്) പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും പരാമർശം (2) പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തിരുന്നു.

2) ടി കുറ്റപത്രവും കുറ്റാരോപണ പത്രികയും ടിയാൻ കൈപ്പറ്റുകയും പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയും, തുടർന്ന് ടിയാനെ സർവ്വീസിൽ പരാമർശം (4) പ്രകാരം പുന:പ്രവേശിപ്പിക്കുകയും ചെയ്തിരുന്നു. പ്രതിവാദ പത്രികയിൽ ടിയാൻ കുറ്റങ്ങളെല്ലാം നിഷേധിക്കുകയുണ്ടായി. അതിനാൽ ടിയാനെതിരെ നിലനിൽക്കുന്ന ആരോപണങ്ങളെക്കുറിച്ച് വിശദമായി അന്വേഷിക്കുന്നതിനും ടിയാന്റെ നിരപരാധിത്വം തെളിയിക്കുന്നതിന് ഒരവസരം കൂടി നൽകുന്നതിലേയ്ക്കുമായി ഔപചാരിക അന്വേഷണം നടത്തുന്നതിന് പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (6)

പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ അന്വേഷണാധികാരി ടിയാനെതിരെ ഉണ്ടായിരുന്ന അഞ്ച് ചാർജ്ജുകളിൽ മൂന്ന് ചാർജ്ജുകൾ തെളിഞ്ഞിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിരുന്നു. അന്വേഷണ റിപ്പോർട്ട് ബന്ധപ്പെട്ട രേഖകളുമായി വിശദമായി പരിശോധിച്ചതിൽ ടി റിപ്പോർട്ട് അംഗീകരിക്കാവുന്നതാണെന്ന് കണ്ടതിനാൽ ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടയുന്നതിന് തുല്യമായ തുക ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം (7) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ടി കാരണം കാണിക്കൽ നോട്ടീസ് ടിയാൻ 1.6.15 തീയതിയായി കൈപ്പറ്റുകയും സമാധാനം ബോധിപ്പിക്കുന്നതിന് 15.7.15 വരെ സമയം അനുവദിക്കണമെന്ന് അപേക്ഷിക്കുകയും അപ്രകാരം സമയം അനുവദിക്കുകയും ചെയ്തിരുന്നു. ടിയാൻ 14.7.15 തീയതിയായി പരാമർശം (8) പ്രകാരം സമാധാനം ബോധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി സമാധാനം പരിശോധിച്ചതിൽ അംഗീകരിക്കത്തക്കതായി കാണുന്നില്ല. ടിയാൻ 31.05.2015 ന് സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടിയിൽ സർക്കാർ തലത്തിൽ തുടർനടപടി സ്വീകരിക്കണമെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (9) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

3) ഈ വിഷയം വിശദമായി പരിശോധിച്ചതിൽ 31.05.2015 ൽ വിരമിക്കേണ്ട ടിയാന് ഒരു വാർഷിക വേതനവർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടയുന്നതിന് തുല്യമായ തുക ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കാൻ തീരുമാനിച്ചുകൊണ്ടുള്ള കാരണം കാണിക്കൽ നോട്ടീസ് 28.04.2015 ൽ പരാമർശം (7) പ്രകാരം ഭരണ വിഭാഗം മുഖ്യവനപാലകൻ നൽകിയത് ചട്ടപ്രകാരമല്ല. മറ്റുള്ള നടപടിക്രമങ്ങളെല്ലാം ശരിയാണ്.

4) മേൽ സാഹചര്യത്തിൽ ശ്രീ.ഇ.ശ്രീധരൻനായർ, ജൂനിയർ സൂപ്രണ്ട്(റിട്ട.)ന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/-രൂപ (ഇരുന്നൂറ് രൂപ മാത്രം) മൂന്നു വർഷത്തേക്ക് കെ.എസ്.ആർ.ഭാഗം മൂന്ന് ചട്ടം മൂന്ന് പ്രകാരം കുറവു ചെയ്യാൻ താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് ടിയാന് പരാമർശം (10) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി. ടി കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ പരാമർശം (11) പ്രകാരം വിശദീകരണം സമർപ്പിച്ചതിന്മേൽ ടി വിശദീകരണം പരിഗണനാർഹമല്ലെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (12) പ്രകാരം അഭിപ്രായം അറിയിച്ചു.

5) മേൽ സാഹചര്യത്തിൽ ശ്രീ.ഇ.ശ്രീധരൻനായർ, ജൂനിയർ സൂപ്രണ്ട്(റിട്ട.)ന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/-രൂപ (ഇരുന്നൂറ് രൂപ മാത്രം) മൂന്നു വർഷത്തേക്ക് കെ.എസ്.ആർ.ഭാഗം മൂന്ന് ചട്ടം മൂന്ന് പ്രകാരം കുറവു ചെയ്യാൻ സർക്കാർ തീരുമാനിച്ചതിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം പരാമർശം (13) പ്രകാരം ആരായുകയുണ്ടായി.

6) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരാമർശം (14) പ്രകാരം മേൽ സർക്കാർ തീരുമാനത്തോട് യോജിച്ചുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കാൻ ഉപദേശിക്കുകയുണ്ടായി.

7) ഈ സാഹചര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം സ്വീകരിച്ചുകൊണ്ട് ശ്രീ.ഇ.ശ്രീധരൻ നായർ, ജൂനീയർ സൂപ്രണ്ട് (റിട്ട) ന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ മൂന്നു വർഷത്തേയ്ക്ക് കേരള സർവ്വീസ് റൂൾസ് ഭാഗം 3 ചട്ടം മൂന്ന് പ്രകാരം കുറവു ചെയ്തു കൊണ്ട് ടിയാനെതിരെ പരാമർശം (10) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി. മാരപാണ്ഡ്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
ശ്രീ.ഇ.ശ്രീധരൻ നായർ, ജൂനീയർ സൂപ്രണ്ട് (റിട്ട) (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ് റ്റ്(ഭരണം) മുഖേന)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (28.03.2017 ലെ A1(3)5885/16/GW നമ്പർ കത്ത് പ്രകാരം) (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽഅക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
വിവര സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ